പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5641 | 27.10.2011-ലെ മറുപടിയ്ക്ക്

## ത്രിവേണി സ്റ്റോറുകളിലെ ഉപഭോക്താക്കളുടെ ക്ഷേമത്തിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>,, പി.എ. മാധവൻ<br>,, അൻവർ സാദത്ത്<br>,, ജോസഫ് വാഴക്കൻ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) ത്രിവേണി സ്റ്റോറുകളിലെ ഉപഭോക്താക്കളുടെ ക്ഷേമത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(ബി) പാഠ്യപാഠ്യേതര രംഗങ്ങളിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് ഏർപ്പെടുത്തുമോ; വിശദാംശം എന്തെല്ലാം; | (എ) യും (ബി) യും ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് ത്രിവേണി സൗഹൃദ സമിതി രൂപീകരിച്ച് ജനകീയ മേൽനോട്ടവും പങ്കാളിത്തവും ഗുണമേന്മയും ഉറപ്പ് വരുത്തുക, ത്രിവേണികളിലെ സ്ഥിരം കസ്റ്റമർമാരുടെ കുട്ടികളിൽ പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മികവ് കാട്ടുന്നവർക്ക് സ്കോളർഷിപ്പ് നൽകാനായി ഓരോ വർഷവും ഒരു നിശ്ചിത തുക മാറ്റിവയ്ക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) എങ്കിൽ നിശ്ചിത ശതമാനം തുക പട്ടികവിഭാഗത്തിനായി നീക്കിവയ്ക്കുമോ? | (സി) ബി.പി.എൽ കുടുംബങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗം, വിധവകൾ തുടങ്ങിയവരുടെ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. ഇതിലേക്കായി ആകെ തുകയുടെ 25% മാറ്റി വയ്ക്കും. |

സെക്ഷൻ ഓഫീസർ